LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള ജല അതോറിറ്റിയുടെ സ്പെഷ്യൽ റൂൾസ് നിലവിൽ വന്ന തിനുശേഷം മാത്രമേ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു. സ്പെഷ്യൽ റൂൾസിന് അംഗീകാരം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി & സി) പ്രസ്തുത ജി.ഒ. യുടേയും ഹൈക്കോടതി വിധിയുടേയും അടിസ്ഥാനത്തിലാണ് കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുള്ളത്.

പാറശ്ശാല വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാർ

130 (5020) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ വിവിധ തസ്തികകളിലായി എത്ര പേർ ജോലി നോക്കി വരുന്നുവെന്നും ഇവർ പ്രസ്തുത ഓഫീസിൽ എത്ര കാലമായി ഓരോ തസ്തികകളിൽ ജോലി നോക്കി വരുന്നുവെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓഫീസിൽ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് ഒഴിവ് നിലവിൽവന്ന തീയതിയടക്കം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാറശ്ശാല വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ വിവിധ തസ്തികകളിലായി 20 പേർ ജോലി നോക്കിവരുന്നു. ഇവർ പ്രസ്തുത ഓഫീസിൽ എത്രകാലമായി ഓരോ തസ്തികകളിൽ ജോലി നോക്കി വരുന്നുവെന്നുള്ള വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പേര്	തസ്തിക	പ്രസ്തുത ഓഫീസിൽ ചാർജ്എടുത്ത തീയതി
(1)	(2)	(3)	(4)
1.	ശ്രീമതി ലിസ്സി സുഗതൻ	അസി.എഞ്ചിനീയർ	4-2-2009
2	എൽ. പ്രസന്നൻ	സർവ്വേയർ ഗ്രേഡ് I	7-1-2008
3.	എസ്. ശ്രീരാജൻ നായർ	ഡ്രാഫ്റ്റ്സ്മാൻ I	25-4-2002
4.	പി. വൽസല	ഡ്രാഫ്റ്റ്സ്മാൻ II	1-3-2003
5.	എൽ. ജയശ്രീ	ഡ്രാഫ്റ്റ്സ്മാൻ II	23-7-2003
6.	കെ. അംബിക	ഡ്രാഫ്റ്റ്സ്മാൻ II	22-3-2009
7.	ബി. ഇന്ദുലേഖ	യു.ഡി.സി.	22-6-2010

(1)	(2)	(3)	(4)
8.	ജി. പി. മിനി	എൽ.ഡി.സി.	17-9-2002
9.	അജിത്	മീറ്റർ റീഡർ	7-1-2008
10.	വൈ. സ്റ്റാൻലി	ഡിപ്ലോയ്ഡ് മീറ്റർ റീഡർ	16-3-2002
11.	പ്രിയാകുമാരി	ഡിപ്ലോയ്ഡ് മീറ്റർ റീഡർ	8-1-2004
12.	വൈ. കെ. ഷാജി	ഓപ്പറേറ്റർ	26-9-1995
13.	ഡി. വിനോദ്	ഓപ്പറേറ്റർ	17-1-2004
14.	എസ്. കെ. രാജേഷ്	ഓപ്പറേറ്റർ	22-3-2010
15.	ജെ. അജയലാൽ	ഓപ്പറേറ്റർ	25-3-2010
16.	ആർ. ആർ. ഷിബു കുമാർ	ഓപ്പറേറ്റർ	22-3-2010
17.	എൽ.പി. വിൽസൺ	ഓപ്പറേറ്റർ	26-3-2010
18.	ബി. വിജുകുമാർ	ഓപ്പറേറ്റർ	27-3-2010
19.	പി. വിനോദ്കുമാർ	അൺ സ്ക്കിൽഡ് വർക്കർ	15-1-2004
20.	വി. ഷാജികുമാർ	അൺ സ്ക്കിൽഡ് വർക്കർ	12-1-2004

(ബി) പ്രസ്തുത ഓഫീസിൽ 8 ഓപ്പറേറ്റർമാരുടേയും 8 വർക്കർമാരുടേയും തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത്. ഒഴിവ് നിലവിൽ വന്ന തീയതികൾ ചുവടെ ചേർക്കുന്നു:

ഓപ്പറേറ്റർ	തസ്തിക
30-6-2003	1
31-10-2003	1
31-5-2004	3
30-4-2004	1
31-5-2007	1
22-5-2009	1
വർക്കർ	തസ്തിക
31-5-1999	1
9-2-2000	1

LIBRARY ARCHIVES Kerala Legislative Assembly

30-4-2004	1
31-5-2004	1
31-5-2007	1
31-8-2007	1
30-11-2007	1
31-3-2010	1

പമ്പ് ഓപ്പറേറ്റർമാരുടെ താൽക്കാലിക നിയമനത്തിൽ അഴിമതി

131 (5021). ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഅതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർമാരുടെ നിയമനങ്ങൾക്ക് പിന്നിൽ അഴിമതി നടക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ ദിവസവേതന അടിസ്ഥാനത്തിൽ കരാറുകാർ മുഖേന നടത്തുന്ന പമ്പ് ഓപ്പറേറ്റർമാരെ ജോലിക്ക് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ചില പത്രമാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നല്കാൻ KWA-ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

കരാർ അടിസ്ഥാനത്തിൽ പമ്പ് ഹൗസുകളിൽ ജോലി ചെയ്തിരുന്നവരെ പിരിച്ചു വിടുന്ന നടപടി

132 (5022) ശ്രീ. തേന്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിൽ വർഷങ്ങളായി കരാർ അടിസ്ഥാനത്തിൽ പമ്പ് ഹൗസുകളിൽ ജോലി ചെയ്തിരുന്നവരെ പിരിച്ചു വിടാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) പത്തു വർഷത്തിലധികം ഇത്തരത്തിൽ പമ്പ് ഹൗസുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കിയവരെ പിരിച്ചുവിട്ട നടപടി ബഹു. ഹൈക്കോടതി റദ്ദാക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly